**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊല്ലം കോർപറേഷനിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.11.2015 തീയതിയിൽ മരണപ്പെട്ട ആർ സോമന്റെ മകൻ ശ്രീ. സതീഷ് എസ് - മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(കൈ) നം. 189/ 2018/ ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19/ 12/ 2018**

പരാമർശം:- 1. 24/ 05/ 1999 തീയതിയിലെ സ.ഉ(പി) നം. 12/ 99/ ഉ.പ.ഭ.വ.

2. ശ്രീ. സതീഷ് എസ് സമർപ്പിച്ച 17.11.2017 ലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 26.12.2017 ലെ ഇ 4-33061/ 17 നമ്പർ കത്ത്.

4. സ.ഉ.(കൈയെഴുത്ത്) നം. 5/ 2018/ ഉ.ഭ.പ.വ. തിയതി. 21.02.2018.

5. കൊല്ലം ജില്ലാ കളക്ടറുടെ 05.11.2018 ലെ DCKLM/ 1966/ 2018-S4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊല്ലം കോർപറേഷനിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.11.2015 തീയതിയിൽ മരണപ്പെട്ട ആർ സോമന്റെ മകൻ ശ്രീ. സതീഷ് എസ് അപേക്ഷ സമർപ്പിച്ചിരുന്നു. ആർ സോമന്റെ സേവനകാലം 2 വർഷം 3 മാസമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 15.04.1960, 20.08.2013 ആണ്. നഗരകാര്യ ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷകൻ പത്താം ക്ലാസ് തുല്യത പരീക്ഷ പാസ്സായിട്ടുള്ളതും ടിയാന്റെ ജനനത്തിയതി 30.05.1985 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും കൊല്ലം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ ശ്രീ. സതീഷ് എസ് എന്ന വ്യക്തിക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 84000/- രൂപയാണെന്ന് (എൺപത്തിനാലായിരം രൂപ മാത്രം) ചക്കുവരക്കൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം കോർപറേഷനിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.11.2015 തീയതിയിൽ മരണപ്പെട്ട ആർ സോമന്റെ മകൻ ശ്രീ. സതീഷ് എസ് എന്ന വ്യക്തിക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം കോർപറേഷനിലോ, കൊല്ലം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ 24.5.1999 ലെ സ.ഉ. (അച്ചടി) 12/99/ഉ.ഭ.വ. ഉത്തരവ് പ്രകാരം എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം ഒന്നിലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ (മേയർ മുഖേന)
ജില്ലാ കളക്ടർ, കൊല്ലം.
ശ്രീ. സതീഷ് എസ്, സന്തോഷ് ഭവൻ, ചക്കുവരയ്ക്കൽ,
കൊട്ടാരക്കര, കൊല്ലം (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ